I ഇ.ബി. XV - കേരള നിയമസഭ/IX-1

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ആഗസ്റ്റ് 07, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2023 ആഗസ്റ്റ് 07-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: 18-07-2023-ന് അന്തരിച്ച ഉമ്മൻ ചാണ്ടി ആൾക്കൂട്ടത്തെ ഊർജ്ജമാക്കി അഞ്ച് പതിറ്റാണ്ടിലേറെ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന കോൺഗ്രസ് നേതാവായിരുന്നു. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം അഖിലകേരള

ബാലജനസഖ്യം, കെ.എസ്.യു., യൂത്ത് കോൺഗ്രസ് എന്നീ സംഘടനകളുടെ ഭാരവാഹിത്വത്തിലൂടെയാണ് കോൺഗ്രസ് നേതൃനിരയിലേയ്ക്ക് എത്തിയത്. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായിരുന്ന വ്യക്തി എന്ന റെക്കോഡിന് ഉടമയാണ് അദ്ദേഹം. ലാളിത്യം മുഖമുദ്രയാക്കിയിരുന്ന അദ്ദേഹം ജനകീയനായ ഒരു നേതാവെന്നതിലുപരി രാഷ്ട്രീയ വിദ്യാർത്ഥികൾക്കും പൊതുപ്രവർത്തകർക്കും എന്നുമൊരു പാഠപുസ്തകവുമായിരുന്നു. ജനക്ഷേമത്തിലും സംസ്ഥാന വികസനത്തിലും ശ്രദ്ധയൂന്നിയിരുന്ന ഭരണാധിപൻ, ജനകീയ പ്രശ്നങ്ങൾ സഭയിൽ സമർത്ഥമായി ഉന്നയിക്കുന്ന നിയമസഭാംഗം എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിലൂടെ കേരളത്തിലെ കോൺഗ്രസിനെ ജനകീയമാക്കുന്നതിലും, ആദർശ പ്രതിബദ്ധതയിൽ ഉറപ്പിക്കുന്നതിലും അവിസ്മരണീയ സംഭാവന നൽകിയ നേതാവിനെയും മികച്ച ഒരു നിയമസഭാ സാമാജികനെയുമാണ് നഷ്ടമായിരിക്കുന്നത്.

31-07-2023-ന് അന്തരിച്ച മുൻ ഗവർണറും സ്പീക്കറും മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമൻ വിദ്യാർത്ഥി കോൺഗ്രസിലൂടെയാണ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. തൊഴിൽ വകുപ്പുമന്ത്രി പദവിയിലിരിക്കെ അദ്ദേഹം രൂപം നൽകിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബിൽ,

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബിൽ എന്നിവ സംസ്ഥാന തൊഴിൽ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഓണം വാരാഘോഷത്തിന് തുടക്കം കുറിച്ചതും ആധുനിക രീതിയിൽ കേരളാ ഹൗസ് പുതുക്കിപ്പണിതതും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ റഫറൽ ആശുപത്രികളാക്കി മാറ്റിയതും അദ്ദേഹത്തിന്റെ ഭരണമികവിന് ഉദാഹരണങ്ങളാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം സ്പീക്കറായിരുന്ന അദ്ദേഹത്തിന്റെ കാലയളവിൽ നിയമസഭാംഗങ്ങൾ സമയക്ലിപ്തത പാലിച്ച് വിഷയത്തിലൂന്നി നിന്നുമാത്രം സംസാരിച്ച് നിർദ്ദിഷ്ട സമയത്തുതന്നെ സഭയുടെ കാര്യപരിപാടികൾ അവസാനിപ്പിച്ചിരുന്നു. തുടർന്ന് വന്നിട്ടുള്ള സ്പീക്കർമാർക്ക് എന്നും ഒരു മാർഗ്ഗദർശിയായിരുന്നു അദ്ദേഹം. അടിസ്ഥാന ആശയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത കാർക്കശ്യ നിലപാട് സ്വീകരിച്ച വക്കം ബി. പുരുഷോത്തമന്റെ നിര്യാണത്തിലൂടെ പൊതുതാൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട, രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച, മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ

ആദരണീയനായ മുൻ മുഖ്യമന്ത്രിയും പതിനഞ്ചാം കേരള നിയമസഭയിലെ അംഗവുമായ ഉമ്മൻ ചാണ്ടിയുടെ സ്മരണകൾക്കുമുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടോടെ അവസാനിച്ചിരിക്കുന്നത് കേരളീയ രാഷ്ട്രീയത്തിലെ ഒരു സുപ്രധാന ഏടാണ്. ഭൗതിക സാന്നിദ്ധ്യം വിടവാങ്ങുമ്പോഴും അദ്ദേഹം അവശേഷിപ്പിച്ചുപോകുന്ന സവിശേഷതകൾ പലതും കാലത്തെ അതിജീവിച്ച് നിലനിൽക്കും. ഒരേ നിയമസഭാ മണ്ഡലത്തിൽനിന്നുതന്നെ തുടർച്ചയായി നിയമനിർമ്മാണസഭയിൽ അംഗമായിരിക്കുകയും ഒരു തവണ പോലും പരാജയം എന്തെന്ന് അറിയാൻ ഇടവരാതിരിക്കുകയും 53 വർഷക്കാലത്തോളം നിയമസഭാ സാമാജികനായി തുടരുകയും ചെയ്തു എന്നത് കേരള നിയമസഭയുടെയും ലോകസഭയുടെയും ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത കാര്യങ്ങളാണ്. കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവുമാണ് എന്നും ഉമ്മൻചാണ്ടിയെ നയിച്ചത്. രോഗാതുരനായ ഘട്ടത്തിൽപോലും ഏറ്റെടുത്ത കടമകൾ പൂർത്തീകരിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നികത്താനാകാത്ത വിടവ് സൃഷ്ടിച്ച, നാലാം കേരള നിയമസഭ മുതൽ തുടർച്ചയായി കേരള നിയമസഭാംഗമായിരുന്ന ഉമ്മൻ ചാണ്ടിയുടെ

വിയോഗത്തിൽ അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

കേരള നിയമസഭയുടെ മുൻസ്പീക്കറും മന്ത്രിയും പാർലമെന്റംഗവുമായിരുന്ന വക്കം ബി. പുരുഷോത്തമൻ വിടവാങ്ങിയിരിക്കുകയാണ്. ജനാധിപത്യ പ്രക്രിയയുടെ എല്ലാ തലങ്ങളിലും നേതൃത്വപരമായ പങ്ക് വഹിച്ച അദ്ദേഹം പഞ്ചായത്ത് മുതൽ പാർലമെന്റുവരെയുള്ള ജനപ്രതിനിധി സഭകളിൽ അംഗമാകുകയും ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടു തവണ സ്പീക്കറായിരുന്ന അദ്ദേഹം നടത്തിയ ഇടപെടലുകൾ ഈ സഭയുടെ ചരിത്രത്തിലെ ശ്രദ്ധിക്കപ്പെട്ട അദ്ധ്യായങ്ങളാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ നിയമസഭയ്ക്കുള്ള അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരെക്കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ നടത്തിയ പരാമർശങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ജനക്കൂട്ടമായിരുന്നു ഉമ്മൻ ചാണ്ടിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇന്ധനം. കഠിനാധ്വാനത്തിന്റെ കല്ലും മുള്ളും നിറഞ്ഞ

പാതകളിലൂടെ സഞ്ചരിച്ച് നിശ്ചയദാർഢ്യത്തോടുകൂടി സാധാരണക്കാരെ ഹൃദയത്തിലേറ്റിനടന്ന വ്യത്യസ്തനായ രാഷ്ട്രീയ നേതാവായിരുന്ന അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത മറ്റുള്ളവരോട് കാണിക്കുന്ന സഹതാപവും സ്നേഹവും ചേർത്തുനിർത്തലുമായിരുന്നു. ഭരണാധികാരിയായിരിക്കുമ്പോഴും സാധാരണക്കാരുടെ ഇടയിൽ ജീവിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. ഭക്ഷണം, ഉറക്കം എന്നിവ മറന്നുകൊണ്ട് എപ്പോഴും ആൾക്കൂട്ടത്തിൽ ലയിച്ചുചേരാറുള്ള ഉമ്മൻ ചാണ്ടി മരണശേഷം ജനങ്ങളുടെ ഹൃദയത്തിലാണ് അലിഞ്ഞുചേർന്നത്. ജനസമ്പർക്ക പരിപാടിയിൽ സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന സങ്കീർണ്ണമായ വിഷയങ്ങൾ മനസ്സിൽ കുറിച്ചുവയ്ക്കുകയും മുഖ്യമന്ത്രി എന്നുള്ള നിലയിൽ അവ പരിഹരിക്കാൻ നിരവധി സർക്കാർ ഉത്തരവുകളിറക്കുകയും ചെയ്തതാണ് ഭരണാധികാരി എന്നുള്ള നിലയിൽ അദ്ദേഹത്തെ എക്കാലത്തും ശ്രദ്ധേയനാക്കിയത്. കാരുണ്യ ലോട്ടറി, കാരുണ്യ ഫാർമസി, കോക്ലിയർ ഇംപ്ലാന്റേഷൻ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിയതും ഹീമോഫീലിയ രോഗികൾക്ക് ജീവിതകാലം മുഴുവൻ സൗജന്യമായി മരുന്നു നൽകാൻ തീരുമാനിക്കുകയും ചെയ്തത് ശ്രദ്ധേയമാണ്. അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ അടിത്തറയിൽ

നിന്നുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. ഉമ്മൻ ചാണ്ടിയുടെ ഊഷ്മളമായ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

വ്യത്യസ്തമായ രാഷ്ട്രീയ ശൈലികൊണ്ടും ഭരണരീതികൊണ്ടും ശ്രദ്ധേയനായ വ്യക്തിയായിരുന്നു വക്കം ബി. പുരുഷോത്തമൻ. കാര്യങ്ങൾ പഠിക്കുകയും ഉദ്യോഗസ്ഥരോട് അതുസംബന്ധിച്ച് ചർച്ച നടത്തുകയും അതിന്മേലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യണമെന്ന നിർബന്ധബുദ്ധിയുള്ള, കാർക്കശ്യംനിറഞ്ഞ ഭരണാധികാരിയും ഈ സഭയിലുണ്ടായിരുന്ന മുതിർന്ന അംഗങ്ങളെപ്പോലും സമയബന്ധിതമായി പ്രസംഗം അവസാനിപ്പിക്കാൻ നിർബന്ധിച്ച സഭാദ്ധ്യക്ഷനുമായിരുന്നു അദ്ദേഹം. മന്ത്രി എന്നുള്ള നിലയിൽ മികച്ച സംഭാവനകൾ നൽകിയ അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു..

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരെക്കുറിച്ച് ഇവിടെ പങ്കുവച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. ജനങ്ങളെ ജീവശ്വാസംപോലെ ഇഷ്ടപ്പെടുകയും അവർക്കായി ജീവിക്കുകയും ചെയ്ത ഉമ്മൻ ചാണ്ടിയെപ്പോലെ മറ്റൊരു നേതാവുണ്ടാവില്ല. മുഖ്യമന്ത്രി ആയിരിക്കെ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ അവസാനത്തെ ആളെയും അടുത്തുവിളിച്ച് കേൾക്കുന്ന

ഭരണാധികാരിയെത്തേടി പുരസ്കാരമെത്തിയത് അദ്ദേഹത്തിന്റെ ജനപ്രീതി വർദ്ധിപ്പിക്കാൻ കാരണമായി. പദവികൾ മാറിമറിഞ്ഞപ്പോഴും ജനങ്ങളുടെ ഇടയിൽ ജീവിക്കാനിഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ വിയോഗത്തിലും കക്ഷിരാഷ്ട്രീയത്തിനതീതമായ ആൾക്കൂട്ടത്തെയാണ് കാണാൻ കഴിഞ്ഞത്. ജനമനസ്സറിഞ്ഞ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ജനകീയ നേതാവായിരുന്ന ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

പ്രമുഖ കോൺഗ്രസ് നേതാവെന്ന നിലയിൽ സംഘടനയിൽ സ്വാധീനം ചെലുത്തുകയും എം.എൽ.എ., എം.പി., മന്ത്രി, സ്പീക്കർ, ഗവർണ്ണർ എന്നിങ്ങനെ വിവിധ നേതൃസ്ഥാനങ്ങൾ അലങ്കരിക്കുകയും ചെയ്ത വക്കം ബി. പുരുഷോത്തമന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. വിവിധ വകുപ്പുകളുടെ ചുമതലകൾ വഹിച്ചിരുന്ന മന്ത്രി എന്നുള്ള നിലയിൽ സമൂഹത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: അര നൂറ്റാണ്ടുകാലം കേരളം കണ്ട മഹാപ്രതിഭാസമായിരുന്ന ഉമ്മൻ ചാണ്ടി. മനുഷ്യന്റെ ഹൃദയവേദന മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിവുള്ള ഒരു വ്യക്തിയെന്ന നിലയിൽ

ഉമ്മൻ ചാണ്ടി മറ്റുള്ളവരിൽനിന്നും വ്യത്യസ്തനായിരുന്നു. പാവപ്പെട്ട ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സുതാര്യമായി ലഭ്യമാക്കാനും കാലവിളംബമില്ലാതെ ഉചിതമായ തീരുമാനങ്ങളെടുക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. വാക്കുകളിലും പ്രവൃത്തിയിലും സൂക്ഷ്മത പാലിച്ച് മനുഷ്യത്വത്തിനും സ്നേഹത്തിനും വില കൽപ്പിച്ചിരുന്ന ആ മഹത് വ്യക്തിയുടെ വേർപാട് എല്ലാ നിലയിലും വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

വക്കം ബി. പുരുഷോത്തമൻ വളരെയേറെ കാർക്കശ്യമുള്ള കഴിവുറ്റ ഒരു ഭരണാധികാരിയായിരുന്നു. അദ്ദേഹം സ്പീക്കറായിരുന്നപ്പോൾ സഭാ നടപടികൾ അനന്തമായി നീണ്ടുപോകാതെ എല്ലാ ദിവസവും 1.30-ന് തന്നെ അവസാനിപ്പിച്ചിരുന്നു. അഡ്മിനിസ്ട്രേഷനിൽ എല്ലായ്പോഴും അദ്ദേഹം കഴിവ് പ്രകടിപ്പിച്ചിരുന്നു. കഴിവുറ്റ ഭരണാധികാരി എന്ന നിലയിലാണ് അദ്ദേഹം ഓർമ്മിക്കപ്പെടുന്നത്. ഇവിടെ പ്രകടിപ്പിക്കപ്പെട്ട വികാരത്തോട് ഞാനും എന്റെ കക്ഷിയും യോജിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉമ്മൻ ചാണ്ടിയുടെയും വക്കം ബി. പുരുഷോത്തമന്റെയും നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിക്കപ്പെട്ട വികാരത്തോട് യോജിക്കുന്നു. ഒരു ഭരണാധികാരി എന്ന

നിലയിൽ വ്യക്തിപരമായി എല്ലാവരെയും സ്വാധീനിച്ചിട്ടുള്ള നേതാവാണ് ഉമ്മൻ ചാണ്ടി. ജനകീയനായ ഭരണാധികാരി, ത്യാഗസന്നദ്ധനായ നേതാവ് എന്നിവയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. പാവപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അതിന് പരിഹാരം കാണാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലങ്ങളിൽ ഒട്ടേറെ വിവാദങ്ങളും ആരോപണങ്ങളും നേരിട്ടപ്പോഴൊക്കെ ജനങ്ങളിൽനിന്ന് ലഭിച്ച ഊർജ്ജംകൊണ്ടാണ് അദ്ദേഹം അതിനെ അതിജീവിച്ചത്. പ്രായോഗിക സമീപനങ്ങളോട് ചേർന്നുനിൽക്കാൻ അദ്ദേഹം കാണിച്ച താൽപര്യവും ചെറുതല്ല. ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹം വളരെയേറെ വ്യത്യസ്തനായ നേതാവായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

വക്കം ബി. പുരുഷോത്തമൻ സഭ നിയന്ത്രിക്കുന്നതിൽ കർക്കശക്കാരനായ നേതാവായിരുന്നു. സ്പീക്കറായാൽ രാഷ്ട്രീയം ഇല്ലാതാകുന്നില്ലെന്നും നിയമസഭ ചേരുമ്പോഴാണ് സ്പീക്കർ നിഷ്പക്ഷനാകേണ്ടതെന്നുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായം കേരളം ചർച്ച ചെയ്ത വിഷയമാണ്. അദ്ദേഹം തന്റെ പ്രവർത്തനമണ്ഡലങ്ങളിൽ കഴിവുറ്റ ഒരു ഭരണാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ

ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: കേരളത്തിലെ ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ 53 വർഷമായി പ്രവർത്തിച്ച ഉമ്മൻ ചാണ്ടി നമ്മളെ വിട്ടുപിരിഞ്ഞുവെന്ന് വിശ്വസിക്കാൻ സാധിക്കുന്നില്ല. എപ്പോഴും സ്നേഹത്തോടും പുഞ്ചിരിയോടുംകൂടി പ്രവർത്തിച്ചിരുന്ന അദ്ദേഹം നല്ല വ്യക്തിബന്ധങ്ങളും പുലർത്തിയിരുന്നു. ജനസമ്പർക്ക പരിപാടിയിലൂൾപ്പെടെ ലഭിക്കുന്ന ഓരോ അപേക്ഷയിന്മേലും പരിഹാരം കാണണമെന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ഉമ്മൻ ചാണ്ടിയുടെ വിയോഗം ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

സ്പീക്കർ, മന്ത്രി എന്നീ നിലകളിൽ പ്രശോഭിച്ച വക്കം ബി. പുരുഷോത്തമന്റെ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. കർക്കശ നിലപാടുകൾക്കിടയിലും അദ്ദേഹത്തിന്റെ കഴിവുകളെ കേരളം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ഉമ്മൻ ചാണ്ടിയെക്കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. അര

നൂറ്റാണ്ടിലേറെക്കാലം ഈ നിയമസഭയുടെ അവിഭാജ്യഘടകമായിരുന്ന ഉമ്മൻ ചാണ്ടി. വിഭാഗീയതയ്ക്ക് അതീതമായി ജനങ്ങളെ സ്നേഹിക്കാനും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുമുള്ള വിശാലമായ മനസ്സ് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഏറ്റെടുത്ത കാര്യങ്ങൾ കൃത്യനിഷ്ഠയോടുകൂടിയും ജനകീയമായും കൈകാര്യം ചെയ്യാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ഭരണ മികവ് തെളിയിച്ച മന്ത്രിയായിരുന്നു അദ്ദേഹം. ഭരണ നിർവ്വഹണം, ജനസേവനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കൊപ്പം വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയും കൂടിച്ചേരുന്ന പൊതുപ്രവർത്തനരീതിയാണ് അദ്ദേഹം അവലംബിച്ചിട്ടുള്ളത്.

വിവിധ പദവികൾ വഹിക്കുമ്പോൾത്തന്നെ കാർക്കശ്യത്തോടുകൂടി ചട്ടപ്രകാരമുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ പരിശ്രമിച്ച വ്യക്തിയാണ് വക്കം ബി. പുരുഷോത്തമൻ. കൈകാര്യം ചെയ്ത വിഷയങ്ങളെല്ലാം ആഴത്തിൽ പഠിക്കുകയും എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്ന ഒരു ഭരണകർത്താവായിരുന്നു അദ്ദേഹം. ഇരുവരുടെയും നിര്യാണത്തിൽ കേരള ജനത വളരെയധികം വേദനിക്കുന്നുണ്ട്. ആ വേദനയിൽ ഞാനും എന്റെ പാർട്ടിയും പ്രണാമം

അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. ഉമ്മൻ ചാണ്ടിയുടെ വേർപാടുണ്ടാക്കിയ വിടവും ദുഃഖവും വളരെയേറെയായിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ വിലാപയാത്രയിൽ കടന്നുവന്ന ജനസഞ്ജയം തെളിവാണ്. ഭരണനിർവ്വഹണത്തിന് ജനകീയ മുഖം നൽകിയ അദ്ദേഹത്തിന്റെ ചിന്തകളും പ്രവൃത്തികളും സാധാരണക്കാരന്റെ മുഖം മുന്നിൽകണ്ടുകൊണ്ടുള്ളതായിരുന്നു. അദ്ദേഹത്തിന്റെ വിശ്രമമില്ലാത്ത പൊതുജീവിതം മാതൃകാപരമാണ്. അദ്ദേഹം എന്നും ഒരു ദീപ്തസ്മരണയായി നമ്മുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കും. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുന്നിൽ ശിരസ്സ് നമിക്കുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

മന്ത്രി, ഗവർണർ, സ്പീക്കർ തുടങ്ങി വിവിധ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച ജനനേതാവായിരുന്നു വക്കം ബി. പുരുഷോത്തമൻ. സ്പീക്കർ എന്ന നിലയിലുള്ള പ്രവർത്തനമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. തീരുമാനങ്ങൾ നടപ്പിലാകണമെന്നതിൽ അദ്ദേഹത്തിന്

നിർബന്ധബുദ്ധിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്മരണകൾക്കുമുന്നിൽ ശിരസ്സ് നമിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. തോമസ് കെ. തോമസ്: ഇവിടെ എല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായി യോജിക്കുന്നു. സമാനതകളില്ലാത്ത രാഷ്ട്രീയ പ്രവർത്തനം നടത്തിയിരുന്ന നേതാവായിരുന്നു ഉമ്മൻ ചാണ്ടി. കേരളത്തിലെ ജനങ്ങളിലൂടെ അദ്ദേഹം ജീവിക്കുമെന്ന വിശ്വാസത്തോടെ അദ്ദേഹത്തിന്റെ കുടുംബത്തിന് എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

നിയമസഭാംഗമായും മന്ത്രിയായും സ്പീക്കറായും ഗവർണറായും ഉന്നത സ്ഥാനങ്ങൾ വഹിച്ച വ്യക്തിയായിരുന്ന വക്കം ബി. പുരുഷോത്തമന്റെ വേർപാടിലും എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

ശ്രീമതി കെ. കെ. രമ: പിന്നിട്ട 53 വർഷം നിയമസഭയുടെ നെടുംതൂണായിരുന്ന ഉമ്മൻ ചാണ്ടി സമാനതകളില്ലാത്ത നേതാവായിരുന്നു. എത്രവലിയ പ്രകോപനങ്ങളുണ്ടായാലും അദ്ദേഹം അവയെ നേരിട്ട രീതിയും ശൈലിയും സഭാ ചരിത്രത്തിലെ തിളക്കമാർന്ന അധ്യായങ്ങളായിരിക്കും. ജനങ്ങൾക്ക് എന്ത് പ്രതിസന്ധിയുണ്ടായാലും ഏത് സമയത്തും കയറിച്ചെല്ലാൻ കഴിയുന്ന കാരുണ്യത്തിന്റെ വാതിലായിരുന്ന

അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബത്തിനും പാർട്ടിക്കും സാധാരണക്കാരായ മനുഷ്യർക്കുമുണ്ടായ നഷ്ടത്തിലും വേദനയിലും ഒപ്പംചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

മികവാർന്ന ഭരണകർത്താവും നിശ്ചയദാർഢ്യമുള്ള രാഷ്ട്രീയക്കാരനുമായിരുന്ന വക്കം ബി. പുരുഷോത്തമന്റെ വേർപാടിലും അനുശോചനം രേഖപ്പെടുത്തുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സൗമ്യമായ പെരുമാറ്റംകൊണ്ടും ലാളിത്യംകൊണ്ടും ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ ജനകീയനായ മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. അഞ്ചര പതിറ്റാണ്ടുകാലത്തെ പൊതുജീവിതത്തിനിടയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം പൊതുപ്രവർത്തകർക്ക് മാതൃകയാക്കാൻ കഴിയുന്ന വ്യക്തിത്വത്തിന് ഉടമയുമായിരുന്നു.

വിവിധ സംസ്ഥാനങ്ങളിൽ ഗവർണറായും സ്പീക്കറായും മന്ത്രിയായും നിസ്വാർത്ഥ സേവനം അർപ്പിച്ച തലമുതിർന്ന പൊതുപ്രവർത്തകനായിരുന്നു വക്കം ബി. പുരുഷോത്തമൻ. നിലപാടുകളുടെ വ്യതിരിക്തതകൊണ്ടും സുതാര്യമായ പ്രവർത്തനശൈലികൊണ്ടും ശരിയെന്നുതോന്നുന്ന കാര്യങ്ങളിൽ കർക്കശമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട്

രാഷ്ട്രീയപ്രവർത്തകർക്ക് പുതിയ ദിശാബോധം നൽകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മതേതര രാഷ്ട്രീയ ചേരിക്കും കേരള നിയമസഭയ്ക്കും നിരവധി സംഭാവനകൾ അർപ്പിച്ച് കടന്നുപോയ ഉമ്മൻ ചാണ്ടിയുടെയും വക്കം ബി. പുരുഷോത്തമന്റെയും ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുകയും അവരുടെ കുടുംബാംഗങ്ങൾക്കും പാർട്ടിക്കുമുണ്ടായ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സ്വഭാവ സവിശേഷതകളുടെ ഉടമയായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിര്യാണം കേരള രാഷ്ട്രീയത്തിന് പൊതുവേയും കോൺഗ്രസ് രാഷ്ട്രീയത്തിന് പ്രത്യേകിച്ചും തീരാനഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. തന്റെ മുന്നിലെത്തുന്ന ഓരോരുത്തരോടും വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനുള്ള കഴിവും സഹജീവികളോടുള്ള കരുതലും അദ്ദേഹത്തിന്റെ മുഖമുദ്രയാണ്. എത്ര ഗൗരവമേറിയ വിഷയമാണെങ്കിലും അവയെല്ലാം സമചിത്തതയോടെ കൈകാര്യം ചെയ്യാനുള്ള കഴിവ് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. കാര്യമാത്രപ്രസക്തമായ ഇടപെടലുകളിലൂടെ നിയമസഭയിലും ജനസമ്പർക്കപരിപാടിയിലൂടെ ഭരണനിർവ്വഹണ മേഖലയിലും വരുംതലമുറയ്ക്ക് മാതൃക നൽകിയ ഉമ്മൻ ചാണ്ടിയുടെ പാവന സ്മരണയ്ക്കുമുന്നിൽ

ആദരാഞ്ജലിയർപ്പിക്കുന്നു.

കാര്യപ്രാപ്തികൊണ്ടും കർമ്മകുശലതകൊണ്ടും കേരള വികസന ചരിത്രത്തിൽ നിർണ്ണായക സ്ഥാനം നേടിയ ജനനേതാവായിരുന്നു വക്കം ബി. പുരുഷോത്തമൻ. കർക്കശക്കാരനായ നിയമസഭാ നാഥനായും കർമ്മനിരതനായ മന്ത്രിയായും അദ്ദേഹം കേരള രാഷ്ട്രീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. എം.പി.യായും മന്ത്രിയായും ഗവർണറായും ലെഫ്റ്റനന്റ് ഗവർണറായും മറ്റാർക്കും അവകാശപ്പെടാനാവാത്ത രീതിയിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ തിളങ്ങിയ വ്യക്തിയാണ് അദ്ദേഹം. തീരുമാനങ്ങളിലെ കൃത്യതയും അവ നടപ്പാക്കാനുള്ള നിശ്ചയദാർഢ്യവും സമാനതകളില്ലാത്തതായിരുന്നു. സമയനിഷ്ഠയായിരുന്നു പുതിയ തലമുറയിലെ രാഷ്ട്രീയക്കാർക്ക് അദ്ദേഹം നൽകിയ മാതൃക. ഒരു കാലഘട്ടത്തിൽ കേരള രാഷ്ട്രീയത്തിലും പാർലമെന്റിലും നിറഞ്ഞുനിന്ന വക്കം ബി. പുരുഷോത്തമന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സമാനതകളില്ലാത്തതും താനെന്ന ഭാവം പ്രതിഫലിപ്പിക്കാത്തതുമായ ഉമ്മൻ ചാണ്ടിയെ അനുകരിക്കണമെന്ന് വരുംതലമുറയോട് പറയാതിരിക്കാൻ കഴിയില്ല. രാഷ്ട്രീയം നോക്കാതെ തന്റെ മുന്നിൽ വരുന്ന ജനങ്ങളുടെ കണ്ണീരൊപ്പാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

ഒരിക്കലും നടക്കില്ലെന്ന് കരുതുന്ന കാര്യങ്ങൾപോലും നടപ്പാക്കുന്നതിന് കഠിനമായി പരിശ്രമിച്ചിരുന്നു. എല്ലാ വിഭാഗം ജനങ്ങളോടും സൗമ്യതയോടും മനുഷ്യത്വത്തോടും പെരുമാറിയതിന്റെ ഫലമായാണ് രാഷ്ട്രീയത്തിനതീതമായി ഉമ്മൻ ചാണ്ടി ജനമനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നത്. ഉമ്മൻ ചാണ്ടിയുടെ വേർപാടിൽ അനുശോചനം അറിയിക്കുന്നതോടൊപ്പം കുടുംബത്തിന്റെ ദുഃഖത്തിലും പങ്കുചേരുന്നു.

സംസ്ഥാനത്തെ ടൂറിസം രംഗത്ത് ഇന്നുകാണുന്ന പല പദ്ധതികളുടെയും തുടക്കം വക്കം ബി. പുരുഷോത്തമന്റെ ദീർഘവീക്ഷണത്തോടെയുള്ള തീരുമാനങ്ങളുടെ ഫലമാണ്. കർക്കശമായ നിലപാടുകളോടെ സഭയെ നിയന്ത്രിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാടിൽ എന്റെയും പാർട്ടിയുടെയും പേരിലുള്ള അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വിവിധ കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ പരിചയപ്പെട്ടതുമുതൽ ജീവിതാവസാനം വരെ ഉമ്മൻ ചാണ്ടിയുമായി ആരോഗ്യകരമായ ബന്ധം കാത്തുസൂക്ഷിക്കാനും കെ.എസ്.യു.-വിന്റെ സഹഭാരവാഹിയായി പ്രവർത്തിക്കാനും സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രി,

നിയമസഭാ സാമാജികൻ, തൊഴിലാളി നേതാവ് എന്നീ നിലകളിൽ മികച്ച പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്.

യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനും ദേശീയ ധാരയിൽ അതിന്റെ പങ്കാളിത്തം കൊണ്ടുവരാനും ഏറ്റവും കൂടുതൽ ശ്രമിച്ച നേതാക്കളിലൊരാളായിരുന്ന വക്കം ബി. പുരുഷോത്തമൻ. മന്ത്രി, നിയമസഭാ സ്പീക്കർ, എം. പി., ഗവർണർ തുടങ്ങിയ പദവികൾ അലങ്കരിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

സഹപ്രവർത്തകനും സുഹൃത്തുമായ ഉമ്മൻ ചാണ്ടിയുടെയും വക്കം ബി. പുരുഷോത്തമന്റെയും ദേഹവിയോഗത്തിൽ സഭയുടെ ദുഃഖത്തിൽ പങ്കുചേരുകയും ഓർമ്മകൾക്കുമുന്നിൽ സ്നേഹനിർഭരമായ ആദരവും പ്രണാമവും അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും വിവിധ കക്ഷിനേതാക്കളുടെയും അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ അദ്ദേഹം അനുവർത്തിച്ചിരുന്ന പ്രവർത്തനശൈലി ജനമനസ്സുകളിൽ ഇടംനേടിയിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ഒരായിരം ആദരാഞ്ജലിയർപ്പിക്കുന്നു.

പഞ്ചായത്തംഗം മുതൽ ഗവർണർ വരെയുള്ള വിവിധ പദവികൾ ജനക്ഷേമ പ്രവർത്തനങ്ങൾക്കുതകുംവിധം നിർവ്വഹിക്കുകയും നിയമസഭാ നടപടിക്രമങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുകയും സമയ ക്ലിപ്തത പാലിക്കുകയും ചെയ്ത വ്യക്തിത്വത്തിനുടമയായിരുന്നു വക്കം ബി. പുരുഷോത്തമൻ. ഇരുവരുടെയും വിയോഗം കേരള സമൂഹത്തിന് തീരാനഷ്ടമാണ്. അന്തരിച്ച മഹത്‌വ്യക്തികളുടെ പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: എല്ലാ സാഹചര്യത്തിലും ജനങ്ങളോടൊപ്പം നിന്ന് അവരുടെ പ്രശ്നങ്ങളിലിടപെട്ടിരുന്ന ജനകീയ നേതാവായിരുന്നു ഉമ്മൻ ചാണ്ടി.

മുൻ സ്പീക്കറും വിവിധ വകുപ്പുകളിൽ മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമൻ സഭാനടപടിക്രമങ്ങളിൽ കാർക്കശ്യം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു. രണ്ട് വ്യക്തികളുടെയും ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സഭയുടെ പൊതുവികാരത്തോട് ഞാനും യോജിക്കുന്നു. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും കണ്ണീരൊപ്പുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആത്മാർത്ഥമായി

പ്രയത്നിക്കുകയും ചെയ്ത നേതാവായിരുന്ന ഉമ്മൻചാണ്ടിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

എം.പി., എം.എൽ.എ, മന്ത്രി, സ്പീക്കർ തുടങ്ങിയ പദവികളിൽ കരുത്തുറ്റ പ്രവർത്തനം കാഴ്ചവച്ച വക്കം ബി. പുരുഷോത്തമന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

(ഡി.വി. ഗാലറിയിൽ സന്നിഹിതരായിരുന്ന അന്തരിച്ച മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കുടുംബാംഗങ്ങൾക്ക് ബഹു.സ്പീക്കർ നന്ദി രേഖപ്പെടുത്തി.)

സഭ രാവിലെ 10.40-ന് പിരിഞ്ഞു.

*****